# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.6024 - 02/04/2018 -ലെ മറുപടിക്ക്

## കേന്ദ്രത്തിൽ നിന്നും പ്രത്യേക സാമ്പത്തിക സഹായം

**ചോദ്യം** | **ഉത്തരം**

ശ്രീ. അനിൽ അക്കര

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | ഈ സർക്കാർ അധികാരമേറ്റശേഷം എന്തെല്ലാം കാര്യങ്ങൾക്ക് പ്രത്യേക സാമ്പത്തിക സഹായം അനുവദിച്ച് കിട്ടുന്നതിനാണ് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുള്ളത്; എത്ര തുക അനുവദിക്കണമെന്നാണ് അഭ്യർത്ഥിച്ചിരുന്നത്; | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രത്യേക സാമ്പത്തിക സഹായം അനുവദിക്കുന്നതിന് കേന്ദ്രസർക്കാരിൽ സമർപ്പിച്ച പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>**2017 ജനുവരി**<br>**(2017-18 ലെ കേന്ദ്ര ബജറ്റിൽ പരിഗണിക്കുന്നതിന് )**<br>1. നോട്ട് നിരോധനം സംസ്ഥാനത്തിന്റെ വരുമാനത്തെ സാരമായി ബാധിച്ചതിനാൽ പൊതുവിപണിയിൽ നിന്നുള്ള കടമെടുക്കൽ പരിധി GSDP യുടെ 3% എന്നുള്ളത് 4% ആയി വർദ്ധിപ്പിക്കുക.<br>2. ദേശീയ തൊഴിലുറപ്പ് പദ്ധതിക്കു കീഴിൽ 100 തൊഴിൽ ദിനങ്ങൾ നല്കുന്നതിനാവശ്യമായ തുക അനുവദിക്കുക.<br>3. റബ്ബർ കർഷകർക്ക് റബ്ബറിന് താങ്ങു വില നല്കുന്നതിനാവശ്യമായ കേന്ദ്ര സഹായം അനുവദിക്കുക.<br>4. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്ര വിഹിതവും സംസ്ഥാന പദ്ധതികൾക്കുള്ള കേന്ദ്ര സഹായവും വർദ്ധിപ്പിക്കുക.<br>5. FACT ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ധനസഹായം വർദ്ധിപ്പിക്കുക.<br>**2018 ജനുവരി**<br>**(2018-19 ലെ കേന്ദ്ര ബജറ്റിൽ പരിഗണിക്കുന്നതിന് )**<br>1. പൊതു വിപണിയിൽ നിന്നുള്ള സംസ്ഥാനത്തിന്റെ കടമെടുക്കൽ പരിധി GSDP യുടെ 3.5 ശതമാനമായി നിശ്ചയിക്കുക.<br>2. സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം എല്ലാ മാസത്തെയും ആദ്യ തീയതിയിൽ തന്നെ നൽകാനും GST നഷ്ടപരിഹാരം പ്രതിമാസം നൽകാനുമുള്ള |
| ബി | ആയതിന്റെ അടിസ്ഥാനത്തിൽ 2016-17, 2017-18 വർഷങ്ങളിൽ എത്ര തുക വീതം അനുവദിച്ച് കിട്ടിയെന്ന് വെളിപ്പെടുത്തുമോ? | |

| | | |
|---|---|---|
| | | നടപടികൾ സ്വീകരിക്കുക.<br>3. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശകൾക്ക് 1971 ലെ ജനസംഖ്യാ വിവരങ്ങൾ ആധാരമാക്കുക.<br>4. മുൻ വർഷങ്ങളിൽ കേന്ദ്ര നികുതി വിഹിതത്തിൽ ഉണ്ടായിട്ടുള്ള കുറവിന് നഷ്ടപരിഹാരം നൽകുക.<br>5. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രവിഹിതം കുറഞ്ഞത് 75 % ആക്കുകയും ഈ വിഹിതം Utilization Certificate ന്റെ നിബന്ധന ഒഴിവാക്കി രണ്ടോ മൂന്നോ ഗഡുക്കളായി സംസ്ഥാനങ്ങൾക്ക് വിതരണം നടത്തുകയും ചെയ്യുക.<br>6. സാമൂഹ്യ സുരക്ഷാ, ക്ഷേമ പെൻഷനുകൾ കുറഞ്ഞത് 1000 രൂപയായി ഉയർത്തുക.<br>7. കിലോയ്ക്ക് 50 രൂപ നിരക്കിൽ കേന്ദ്ര സഹായത്തോടെ റബ്ബറിന്റെ നിലവിലെ താങ്ങുവിലയായ 150 രൂപ 200 രൂപയായി വർദ്ധിപ്പിക്കുക.<br>8. RSBY പദ്ധതിയിൽ ഒരു കുടുംബത്തിന് ഒരു വർഷം ലഭിക്കുന്ന സഹായം ഒരു ലക്ഷം രൂപയായി ഉയർത്തുക.<br>9. പ്രധാനമന്ത്രി ആവാസ് യോജന (Rural) ലെ സംസ്ഥാനത്തിലുള്ള 2022 വരെയുള്ള മുഴുവൻ കേന്ദ്രവിഹിതവും മുൻകൂറായി അനുവദിക്കുക.<br>10. സംസ്ഥാനത്ത് അന്താരാഷ്ട്ര ആയുർവേദ ഇൻസ്റ്റിറ്റൂട്ട് സ്ഥാപിക്കുക.<br>11. LNG അടിസ്ഥാനപ്പെടുത്തിയ ഒരു യൂറിയ പ്ലാന്റ് കേരളത്തിൽ തുടങ്ങാനുള്ള നിർദ്ദേശം ബജറ്റിൽ ഉൾപ്പെടുത്തുക.<br>12. കോയമ്പത്തൂർ വഴി ചെന്നൈ - ബാംഗ്ലൂരിൽ നിന്ന് കൊച്ചിയിലേയ്ക്ക് വ്യവസായിക ഇടനാഴി വികസിക്കുക.<br>13. Kerala Fibre Optic Network ന് വേണ്ടി ബജറ്റിൽ തുക വകയിരുത്തുക.<br>14. സംസ്ഥാനത്ത് AIMS സ്ഥാപിക്കുക.<br>15. Malabar Cancer Centre നെ കേന്ദ്ര സർക്കാരിന്റെ Rashtriya Arogyanidhi Programme -ൽ ഉൾപ്പെടുത്തുക.<br>16. അങ്കമാലി- ശബരി റെയിൽ പദ്ധതിക്കായി മതിയായ വിഹിതം ബജറ്റിൽ വകയിരുത്തുക.<br>17. തിരുവനന്തപുരം - കാസർഗോഡ് ഇടനാഴി |

| | | | |
|---|---|---|---|
| | | | യഥാർത്ഥ്യമാക്കുന്നതിനുള്ള അനുമതി നൽകുകയും ബജറ്റിൽ മതിയായ തുക വകയിരുത്തുകയും ചെയ്യുക.<br>18. തലശ്ശേരി - മൈസൂർ പദ്ധതിക്കു വേണ്ടിയുള്ള 'Special Purpose Vehicle' ൽ KRDCL ന് തുല്യ പങ്കാളിത്തം നൽകുകയും ഈ പദ്ധതിയ്ക്കായി ബജറ്റിൽ മതിയായ തുക വകയിരുത്തുകയും ചെയ്യുക.<br>19. വിഴിഞ്ഞം - തൂത്തുക്കുടി തുറമുഖങ്ങൾ തമ്മിലുള്ള Rail- Road Connectivity ക്കുള്ള സാദ്ധ്യതാപഠനത്തിനും DPR തയ്യാറാക്കുന്നതിനും ആവശ്യമായ തുക ബജറ്റിൽ ഉൾപ്പെടുത്തുക.<br>20. വെസ്റ്റ് കോസ്റ്റ് കനാലിന്റെ വികസനം കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്തുക.<br><br>സംസ്ഥാനം സമർപ്പിച്ചിട്ടുള്ള മേൽ സൂചിപ്പിച്ച പദ്ധതികളിന്മേൽ കേന്ദ്ര സർക്കാർ ധനസഹായം അനുവദിച്ചിട്ടില്ല. എന്നാൽ, 2017 ലെ ഓഖിയുമായി ബന്ധപ്പെട്ട് 111.7 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിരുന്നു. |

**സെക്ഷൻ ഓഫീസർ**